LIBRARY ARCHIVES Kerala Legislative Assembly

വിഷാംശം ഇല്ലാത്ത പച്ചക്കറികൾ ലഭ്യമാക്കാൻ നടപടി

254 (1694) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും മാരകമായ കീടനാശിനികൾ ഉപയോഗിച്ച് കൃഷി ചെയ്തെടുക്കുന്ന പച്ചക്കറികൾ കേരളത്തിൽ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇപ്രകാരം കേരളത്തിൽ എത്തിച്ചേരുന്ന പച്ചക്കറികൾ പിടിച്ചെടുത്ത് നശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കേരളത്തിലെ ജനങ്ങൾക്ക് വിഷാംശം ഇല്ലാത്ത പച്ചക്കറികൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ നടത്തിയ പരിശോധനയിൽ കറിവേപ്പില, പുതിനയില, ക്വാളിഫ്ളവർ, ചുവപ്പ് ചീര, പച്ചമുളക്, കാപ്സിക്കം, കാബേജ്, തക്കാളി, പയർ എന്നിവയിൽ അമിതമായ തോതിൽ കീടനാശിനിയുടെ അളവ് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തര യോഗം വിളിച്ചുകൂട്ടി ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽകൂടി അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ട് വരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ്

സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കുവാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. വിഷാംശം ഇല്ലാത്ത പച്ചക്കറികൾ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുന്നതിനും പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും ലക്ഷ്യമിട്ട് സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

വിഷാംശം കലർന്ന പച്ചക്കറികളുടെ വിതരണം

255 (1695) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷാംശം കലർന്ന പച്ചക്കറികളാണ് സംസ്ഥാനത്ത് വിതരണം ചെയ്യുന്നതെന്ന കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗൗരവതരമായ ഇത്തരം സാഹചര്യങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടി. ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കുവാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും ഭക്ഷ്യസുരക്ഷ പരിഗണിച്ച് വിഷവിമുക്തമായ പച്ചക്കറികൾ

LIBRARY ARCHIVES Kerala Legislative Assembly